# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 802 — 11.03.2015- ൽ മറുപടി.

## മെഡിക്കൽ കോളേജുകളുടെ അംഗീകാരം പുതുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ടി.വി.രാജേഷ്<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സംസ്ഥാനത്തെ സർക്കാർ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നടത്തിയ പരിശോധനയിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ; | (എ) ഓരോ വിഭാഗത്തിലുള്ള റിസർച്ച് പബ്ലിക്കേഷന്റെ അഭാവം, സീനിയർ റസിഡന്റുമാരുടെ അഭാവം പ്രത്യേകിച്ചു ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റുകളിൽ ആണ് വലിയൊരു ശതമാനം പോരായ്മയായി കാണിച്ചിട്ടുള്ളത്. ഇതു കൂടാതെ ആഡിറ്റോറിയം, പരീക്ഷാ ഹാൾ വാർഡുതല ലക്ചർ ക്ലാസുകൾ ക്വാർട്ടേഴ്സ്, ഹോസ്റ്റലുകൾ ഇവയുടെ കുറവൊക്കെയാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സർക്കാർ കോളേജുകളുടെ പോരായ്മയായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇവയിൽ ഫാക്കൽറ്റിയുടെ 10% കുറവ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡപ്രകാരം അനുവദനീയമാണ്. |
| (ബി) ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജ്, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് എന്നിവ ഉൾപ്പെടെയുള്ള നാലു മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സിനുള്ള അംഗീകാരം പുതുക്കേണ്ടതില്ലെന്ന മെഡിക്കൽ കൗൺസിൽ തീരുമാനത്തിന്റെ കാരണം അറിയിക്കാമോ;<br>(സി) മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിച്ച് പ്രസ്തുത കോളേജുകളിലെ കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാക്കാൻ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ? | (ബി) &(സി) ആലപ്പുഴ മെഡിക്കൽ കോളേജിനെ സംബന്ധിച്ച കംപ്ലയൻസ് റിപ്പോർട്ട് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഫൈനൽ ഇൻസ്പെക്ഷൻ നടത്തുന്നമുറയ്ക്ക് അംഗീകാരം ലഭിക്കുന്നതാണ്. കൊച്ചി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള എം.ബി.ബി.എസ് പ്രവേശനത്തിന് പ്രസ്തുത സ്ഥാപനങ്ങളെയും പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനമെന്താണെന്നു വിശദമാക്കാമോ? | (ഡി) ആലപ്പുഴയിൽ 50 ഉം കൊച്ചിയിൽ 100 ഉം സീറ്റുകൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിന് വിധേയമായി അഡ്മിഷൻ നടത്തുന്നതിനായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ